പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T. 2364

05.02.2018 ൽ മറുപടിക്ക്

## ക്വാറി ഉൽപ്പന്നങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.കെ.സി. മമ്മത് കോയ | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ക്വാറി ഉൽപ്പന്നങ്ങൾക്ക് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിർമ്മാണ പ്രവൃത്തികൾക്ക് ഇത്തരം ഉൽപ്പന്നങ്ങൾ സമയബന്ധിതമായി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) പാറയുടെയും മറ്റ് നിർമ്മാണ സാമഗ്രികളുടെയും ക്ഷാമം പരിഹരിക്കുന്നതി നായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br>1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.<br>2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും |

റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
5. 6 മീറ്റർ വരെ ആഴത്തിൽ ലാറ്ററൈറ്റ് (ബിൽഡിംഗ് സ്റ്റോൺ) ഖനനം ചെയ്യുന്നതിന് മൈനിങ് പ്ലാൻ തയ്യാറാക്കുന്നതിന് മാർഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

| | | | |
|---|---|---|---|
| (സി) | ക്വാറി ഉൽപ്പന്നങ്ങൾ യഥാസമയം ലഭ്യമാകാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ വൈകുന്നതിന് ഗവൺമെന്റ് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ക്വാറി ഉല്പന്നങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നതിനാൽ ഈ വിഷയത്തിൽ അടിയന്തര നടപടികൾ നിലവിൽ ആവശ്യമുള്ളതായി സർക്കാർ കരുതുന്നില്ല. |

Manjith

**സെക്ഷൻ ഓഫീസർ**